ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ. സി2/14583/റ്റിസി/2011

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 30.09.2016

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കം

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – ഗുരുതരമായ വാഹനാപകടങ്ങൾ പ്രാഥമിക റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന :- 30.09.2016-ൽ നടന്ന ഡി റ്റി സി കോൺഫ്രൻസിലെ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശം

ഉദ്വേഗജനകമായതും, വ്യാപകമായ ജനശ്രദ്ധ ആകർഷിക്കുന്ന വാഹനാപകടങ്ങൾ ,പൊതുജനങ്ങൾക്കും പ്രസ്തുത മേഖലയ്ക്കും ഭീഷണിയാകുന്ന വാഹനാപകടങ്ങൾ (ഓയിൽ ടാങ്കർ/ഗ്യാസ് ടാങ്കർ അപകടങ്ങൾ), ഒന്നോ അതിൽ കൂടുതലോ മരണം സംഭവിക്കുന്ന വാഹനാപകടങ്ങൾ, അഞ്ച് പേരോ അതിൽ കൂടുതലോ പേർക്ക് ഗുരുതരമായ പരിക്കു പറ്റുന്ന വാഹനാപകടങ്ങൾ എന്നിവ ഉണ്ടായാൽ അതിനെ സംബന്ധിക്കുന്ന വിവരങ്ങൾ 24 മണിക്കൂറിനകം താഴെ പറയുന്ന പ്രൊഫോർമയിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിലേയ്ക്കും ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ ഓഫീസിലേയ്ക്കും ഇ മെയിൽ വഴി അയയ്ക്കേണ്ടതാണ്.

(ഇതിന്റെ പകർപ്പുകൾ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർക്കും ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കും നൽകേണ്ടതാണ്.)

## ഗുരുതരമായ വാഹനാപകടങ്ങളെക്കുറിച്ചുള്ള പ്രാഥമിക റിപ്പോർട്ട്

| | | |
|---|---|---|
| 1 | അപകടത്തിൽപ്പെട്ട വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ/തരം | |
| 2 | അപകടം നടന്ന കൃത്യമായ സ്ഥലം/റോഡ് | |
| 3 | തീയതി, സമയം | |
| 4 | മരിച്ചവരുടെ പേരും, വയസ്സും | |
| 5 | കാൽ നട യാത്രക്കാർക്ക് മരണമോ പരിക്കോ സംഭവിച്ചിട്ടുണ്ടോ | |
| 6 | അപകടത്തിൽപ്പെട്ട വാഹനത്തിന്റെ/വാഹനങ്ങളുടെ ഡ്രൈവർമാർ മരണപ്പെട്ടിട്ടുണ്ടോ | |
| 7 | അപകടത്തിന്റെ മൊബൈൽ ഫോട്ടോസ്( കുറഞ്ഞത് 2 എണ്ണം) | |
| 8 | പ്രസ്തുത സ്ഥലത്ത് അടുത്ത കാലത്ത് സമാന രീതിയിൽ നടന്ന അപകടങ്ങളുടെ വിശദാംശങ്ങൾ | |
| 9 | അപകട കാരണത്തെക്കുറിച്ചുള്ള ഹ്രസ്വമായ വിശദീകരണം | |
| 10 | ഈ അപകടത്തിൻമേൽ മോട്ടോർ വാഹന വകുപ്പ് എടുത്ത/എടുക്കാനുദ്ദേശിക്കുന്ന നടപടികൾ | |
| 11 | ഈ അപകടത്തിന് പ്രത്യേകമായ കാരണങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ | |

അടിയന്തിര പ്രാധാന്യമുള്ളവയോ, ജനശ്രദ്ധയാകർഷിക്കുന്നവയോ ആയ അപകടങ്ങൾ ഉണ്ടായാൽ അതിനെക്കുറിച്ചുള്ള വിവരങ്ങൾ എത്രയും പെട്ടെന്ന് തന്നെ ബന്ധപ്പെട്ട ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ട്രാൻസ്പോർട്ട് കമ്മീഷണറെയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരെയും മൊബൈൽ ഫോൺ വഴി അറിയിക്കുന്നതോടൊപ്പം തന്നെ ചിത്രങ്ങൾ വാട്ട്സ് അപ് വഴിയും അയയ്ക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

30/09 30/9

മോട്ടോർവാഹന വകുപ്പ്, കേരള